(ഇ) ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ കൗണ്ടറുകൾ തുറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ആർ.ടി.ഓഫീസ് പരിസരത്തുനിന്നും ഏജന്റുമാരെ പൂർണ്ണമായി ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) മിന്നൽപരിശോധന നടത്തിവരുന്നുണ്ട്.

10 (*443) ചെക്ക്പോസ്റ്റുകളുടെ കാര്യക്ഷമത വർധിപ്പിക്കാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളുടെ കാര്യക്ഷമത വർധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നികുതിവെട്ടിപ്പ് നടക്കുന്നതായി ഏതെങ്കിലും ചെക്ക് പോസ്റ്റുകളെക്കുറിച്ച് ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ചെക്ക്പോസ്റ്റുകളിൽ നികുതിവെട്ടിപ്പും കള്ളക്കടത്തും തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഇ) ചെക്ക്പോസ്റ്റുകളിലൂടെയുള്ള കള്ളക്കടത്തുമൂലം സംസ്ഥാന ഖജനാവിന് എന്തുതുകയുടെ നഷ്ടം പ്രതിവർഷം ഉണ്ടാകുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1. വാണിജ്യനികുതി വകുപ്പിലെ പ്രധാന ഓഫീസുകളും ചെക്ക്പോസ്റ്റുകളുമായി ബന്ധപ്പെടുത്തികൊണ്ട് ഒരു കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിലേയ്ക്കായി നടപടികൾ നടന്നുവരുന്നു. ഇതിലേക്കായി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷത്തിൽ ഇതിലേയ്ക്കായി 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

2. പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, ബംഗറ, മഞ്ചേശ്വർ, മുത്തങ്ങ, ആര്യൻകാവ്, അമരവിള എന്നിവിടങ്ങളിൽ കെട്ടിടത്തിനും പാർക്കിംഗ് സൗകര്യത്തിനും അകത്തോട്ടും പുറത്തോട്ടും പോകുന്ന വാഹനങ്ങൾ പ്രത്യേകം പരിശോധിക്കുന്നതിനുള്ള സൗകര്യത്തിനായി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ചെക്ക് പോസ്റ്റുകളിൽ പണം സൂക്ഷിക്കുന്നതിന് ക്യാഷ് ചെസ്റ്റ് വാങ്ങുന്നതിലേയ്ക്കായി ഭരണാനുമതി ആയിട്ടുണ്ട്.

4. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗവും കൂടാതെ ഡെപ്യൂട്ടി കമ്മീഷണർമാരുടേയും, അസിസ്റ്റന്റ് കമ്മീഷണർമാരുടേയും നേതൃത്വത്തിൽ ചെക്ക് പോസ്റ്റുകളിൽകൂടി കടന്നുവരുന്ന വാഹനങ്ങൾ പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ മിന്നൽപരിശോധന നടത്തി ചെക്ക്പോസ്റ്റിൽ ജോലി ചെയ്യുന്ന ആൾക്കാരെ മുഴുവൻ മാറ്റി പകരം ഇന്റലിജൻസ് സ്കാഡിലെ ജീവനക്കാരെ ഒരു നിശ്ചിത സമയം നിയമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. നിലവിലുള്ള ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായി ബൈറൂട്ടുക ളിൽകൂടി കള്ളക്കടത്ത് തടയുന്നതിലേയ്ക്കായി അപ്രകാരമുള്ള ബൈറൂട്ടു കൾകൂടി ഉൾക്കൊള്ളത്തക്കവിധത്തിൽ ചെക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കു കയോ പുതുക്കിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയോ ചെയ്യുന്നു.

6. പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, അമരവിള എന്നിവിടങ്ങ ളിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരെ നിയമിക്കുകയും ചെക്ക്പോസ്റ്റുകൾ അവരുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തു.

(ബി) ഇല്ല.

(സി) ഉണ്ട്

(ഡി) 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗവും കൂടാതെ ഡെപ്യൂട്ടി കമ്മീഷണർമാരുടേയും അസിസ്റ്റന്റ് കമ്മീഷണർമാരു ടെയും നേതൃത്വത്തിൽ ചെക്ക്പോസ്റ്റുകളിൽകൂടി കടന്നുവരുന്ന വാഹനങ്ങൾ പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ മിന്നൽ പരിശോധന നടത്തി ചെക്ക്പോ സ്റ്റിൽ ജോലിചെയ്യുന്ന ആൾക്കാരെ മുഴുവൻ മാറ്റി പകരം ഇന്റലിജൻസ് സ്ക്വാഡിലെ ജീവനക്കാരെ ഒരു നിശ്ചിതസമയം നിയമിക്കുന്നുണ്ട്.

2. നിലവിലുള്ള ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായി ബൈറൂട്ടുകളിൽ കൂടിയുള്ള കള്ളക്കടത്ത് തടയുന്നതിലേക്കായി അപ്രകാരമുള്ള ബൈറൂട്ടു കൾകൂടി ഉൾക്കൊള്ളത്തക്ക രീതിയിൽ ചെക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കു കയോ പുതിയ ചെക്കുപോസ്റ്റുകൾ സ്ഥാപിക്കുകയോ ചെയ്യുന്നു.

3. പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, അമരവിള എന്നിവിടങ്ങ ളിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരെ നിയമിക്കുകയും ചെക്ക് പോസ്റ്റുകൾ അവരുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തു.

4. നികുതി വെട്ടിക്കാനുള്ള ഉദ്ദേശത്തോടുകൂടി ചെക്ക്പോസ്റ്റുവഴി കടത്തുന്ന സാധനങ്ങൾ കള്ളപേരിൽ കൊണ്ടുവരുന്ന സാധനങ്ങൾ അതിർത്തി ചെക്ക് പോസ്റ്റുകളിൽ കർശനമായ പരിശോധനക്ക് വിധേയമാക്കി നികുതിയുടെ ഇരട്ടിതുക സെക്യൂരിറ്റിയായി ഈടാക്കുന്നുണ്ട്.

(ഇ) കണക്കാക്കപ്പെട്ടിട്ടില്ല.

11 (*444) മുള ഉല്പാദനത്തിൽ സ്വയംപര്യാപ്തത

ശ്രീ. എൻ. കണ്ണൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ആവശ്യത്തിനുള്ള മുള ഉൽപ്പാദിപ്പിക്കു ന്നുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ ഒരു വർഷത്തെ ആവശ്യത്തിലേയ്ക്ക് എത്ര ടൺ മുള ആവശ്യമായി വരുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) സംസ്ഥാനത്ത് ആവശ്യമായ മുള ഉല്പാദിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടു ത്തുമോ:

LIBRARY ARCHIVES Kerala Legislative Assembly